LIBRARY ARCHIVES Kerala Legislative Assembly

9.30 a.m]

## II. റൂളിംഗ്

### നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്തുതന്നെ മറുപടി ലഭ്യമാക്കണമെന്നത് ചട്ടപ്രകാരം അനിവാര്യമായ കാര്യമാണ്. ഇതു സംബന്ധിച്ച് നിരവധി പ്രാവശ്യം റൂളിംഗുകളും ഓർമ്മപ്പെടുത്തലുകളും ചെയറിൽനിന്നും ഉണ്ടായിട്ടുള്ളതുമാണ്. മുൻഗാമികളായ സ്പീക്കർമാരും ഇതുസംബന്ധിച്ച് നിരവധി റൂളിംഗുകൾ നൽകിയതായി കാണുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഗുണപരമായ പുരോഗതി ഉണ്ടാകുന്നില്ല എന്നതും വീണ്ടും വീണ്ടും ഇതുസംബന്ധിച്ച പരാതികൾ ഉയരുന്നു എന്നതും ചെയറിനെ വല്ലാതെ അസ്വസ്ഥതപ്പെടുത്തുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ പലപ്പോഴായി ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. കൂടാതെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 10-5-2017-ന് നൽകിയ കത്തിൽ അന്നേ ദിവസത്തേയ്ക്ക് നോട്ടീസ് നൽകിയിരുന്ന 333 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 19 എണ്ണത്തിനുമാത്രമേ ചട്ടം 47(1) പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഉത്തരം നൽകിയിരുന്നുള്ളുവെന്ന് അറിയിച്ചിരുന്നു.

ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ പ്രസ്തുത പരാതി വസ്തുതാപരമാണെന്നും അന്നേ ദിവസത്തെ കുറേ ചോദ്യങ്ങൾക്കുള്ള മറുപടികൾ തൊട്ടടുത്ത ദിവസങ്ങളിൽ നൽകിയിരുന്നതായും കാണുകയുണ്ടായി. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, 244 ചോദ്യങ്ങൾക്കുള്ള മറുപടികൾ ആ ദിവസത്തേതുമാത്രമായി ഇനിയും നൽകാനുള്ളതായിട്ടാണ് കാണാൻ കഴിഞ്ഞത്. അതുപോലെ ഇന്ന് മറുപടി നൽകേണ്ടിയിരുന്ന 305 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 16 എണ്ണത്തിനുമാത്രമാണ് യഥാസമയം മറുപടി ലഭിച്ചിട്ടുള്ളത്. ഇത് അങ്ങേയറ്റം നിരാശാജനകമായ ഒരു സാഹചര്യമാണെന്ന് പറയേണ്ടിയിരിക്കുന്നു.

ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തതു സംബന്ധിച്ച പരാതികൾ വീണ്ടും വീണ്ടും സഭാതലത്തിൽ ഉയർന്നുവരുന്നതും അവ ഓരോന്നിന്റെയും പേരിൽ ചെയറിൽനിന്ന് ആവർത്തിച്ച് റൂളിംഗുകൾ ഉണ്ടാകുന്നതും ഒഴിവാക്കപ്പെടേണ്ടതാണ്. ഇ-ഗവേണൻസും ആധുനിക കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളും വിവരാവകാശ നിയമംമൂലം സാധാരണ ജനങ്ങൾക്കുപോലും വിവരങ്ങൾ യഥാസമയം ലഭ്യമാകുന്ന സാഹചര്യവും നിലവിലുള്ളപ്പോൾ ബഹുമാനപ്പെട്ട സാമാജികർ 10 ദിവസങ്ങൾക്കുമുമ്പ് എഴുതി സമർപ്പിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി

LIBRARY ARCHIVES Kerala Legislative Assembly

നൽകാതിരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ന്യായീകരണം പര്യാപ്തമാകുമെന്ന് ചെയർ കരുതുന്നില്ല.

ചോദ്യങ്ങൾക്ക് യഥാസമയംതന്നെ മറുപടി നൽകണമെങ്കിൽ ഇക്കാര്യത്തിൽ അതത് മന്ത്രിമാരുടെ ഓഫീസുമായി ബന്ധപ്പെട്ട് ഇതിനായി കാര്യക്ഷമമായ ഒരു ഏകോപനം ഉണ്ടാകേണ്ടതായിട്ടുണ്ട്. നിലവിൽ അപ്രകാരം ശക്തമായ ഏകോപനം നടന്നുവരുന്ന മന്ത്രിമാരുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് കൃത്യസമയത്തുതന്നെ മറുപടി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാകുന്നുണ്ടെന്നാണ് കഴിഞ്ഞകാല അനുഭവത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. നാലാം സമ്മേളനം അവസാനിക്കുന്ന ദിവസം ബഹുമാനപ്പെട്ട ആറ് മന്ത്രിമാർ തങ്ങളുടെ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകിയിരുന്നതായി ചെയർ സഭയെ അറിയിച്ചിരുന്നതാണ്.

ഈ സാഹചര്യത്തിൽ നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ല എന്ന തരത്തിലുള്ള ഒരു പരാതിക്കോ അതുസംബന്ധിച്ച വിശദീകരണങ്ങൾക്കോ അക്കാര്യത്തിൽ ചെയറിൽനിന്നുള്ള ആവർത്തിച്ചുള്ള റൂളിംഗുകൾക്കോ ഇടവരുത്താത്തവിധത്തിൽ മേലിൽ ചോദ്യങ്ങൾക്കുള്ള മറുപടികൾ ചട്ടം നിഷ്കർഷിക്കുന്ന പ്രകാരംതന്നെ ലഭ്യമാക്കുന്ന കാര്യത്തിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ഇതുസംബന്ധിച്ച പരാതികൾക്ക് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശ സഭ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സഭയുടെ അഞ്ചാം സമ്മേളനം ഈ മാസം 25-ാം തീയതി അവസാനിക്കുകയാണ്. ഇനിയും ആറ് ദിവസമാണ് സഭ സമ്മേളിക്കാനിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ സമ്മേളനകാലത്ത് ലഭിച്ച ചോദ്യങ്ങൾക്കുള്ള നോട്ടീസുകളിൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ളവ ഉൾപ്പെടെയുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള സമ്പൂർണ്ണ മറുപടി 25-ാം തീയതിക്കകംതന്നെ നൽകണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഈ സമ്മേളനം അവസാനിക്കുന്ന സന്ദർഭത്തിൽ സമ്മേളന നടപടികളെ സംബന്ധിച്ച് സംക്ഷിപ്ത വിവരണം നടത്തുമ്പോൾ മറുപടി ലഭ്യമാകാത്ത ഒരു ചോദ്യവും ഒരു മന്ത്രിയുടെയും പേരിൽ ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും ചെയർ അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാനൊരു കത്ത്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങേയ്ക്ക് തന്നതിന്റെ വെളിച്ചത്തിൽ അങ്ങ് രണ്ടോ മൂന്നോ തവണയാണ് ഇതാവർത്തിക്കുന്നത്. ബഹുമാനപ്പെട്ട സഭാനേതാവ് കൂടിയായ മുഖ്യമന്ത്രി ഇതിനെപ്പറ്റി റിയാക്ട് ചെയ്താൽ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ചോദ്യം ചോദിക്കുക എന്നത് സഭയുടെ അവകാശമാണ്. അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല. അത് അംഗങ്ങളുടെ അവകാശമാണ്. അത് ഗവൺമെന്റിൽ നിന്ന് വിവരങ്ങൾ കിട്ടാനുള്ള മാർഗ്ഗമാണ്. ഇത്രയും ഗുരുതരമായ പരാമർശം അങ്ങ് നടത്തിയപ്പോൾ സഭാ നേതാവിന്റെ ഭാഗത്തുനിന്നും അക്കാര്യത്തിൽ റിയാക്ഷനുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ചെയർ പറഞ്ഞത് കഴിഞ്ഞ കുറേ കാലങ്ങളായുള്ള പ്രവണതയാണ്. അതിന് ആവർത്തിച്ചാവർത്തിച്ച് റൂളിംഗ് നൽകിയിട്ടും പരിഹാരം കാണുന്നില്ല. എന്റെ മുൻഗാമികളും ഇതുസംബന്ധിച്ച നിരവധി റൂളിംഗുകൾ നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ, സർക്കാർ ഓഫീസുകൾ ഉത്തരങ്ങൾ തയ്യാറാക്കി പാർലമെന്ററി സെക്ഷനിലേയ്ക്ക് കൊടുത്ത് അവിടെനിന്ന് അപ്രൂവ് ചെയ്തുവരുന്ന ഒരു പ്രോസസ്സുണ്ട്. എവിടെയാണ് ഇതിന്റെ വീഴ്ചയെന്ന് മനസ്സിലാക്കി ഇടപെടണമെന്നാണ് ചെയർ ഉദ്ദേശിച്ചത്. റൂളിംഗിനുമുകളിൽ വേറെ ചർച്ചയില്ല.

## III. അടിയന്തരപ്രമേയം

### കെ.എസ്.യു. പ്രകടനത്തിന് നേരെ നടന്ന പോലീസ് അതിക്രമം

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് പ്രവേശനത്തിന് സർക്കാർ ഏർപ്പെടുത്തിയ അമിതമായ ഫീസ് വർദ്ധനവിൽ പ്രതിഷേധിച്ച് കെ.എസ്.യു. സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രകടനത്തിന് നേരെ യാതൊരു പ്രകോപനവുമില്ലാതെ തികച്ചും ക്രൂരമായി പോലീസ് നടത്തിയ ലാത്തിച്ചാർജിലും ടിയർ ഗ്യാസ് പ്രയോഗത്തിലും നിരവധി വിദ്യാർത്ഥികൾക്ക് ഗുരുതരമായി പരിക്കേറ്റ സാഹചര്യവും അവർക്ക് മെഡിക്കൽ കോളേജിൽ ന്യായമായ ചികിത്സ നിഷേധിച്ച മനുഷ്യത്വരഹിതമായ നടപടിയെക്കുറിച്ചും മനുഷ്യാവകാശ ലംഘനത്തെക്കുറിച്ചും സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഹൈബി ഈഡൻ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.